**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർ വകലാശാല ലൈബ്രറി - ലൈബ്രറിയുടെ പ്രവർത്തന സമയത്തിന്റെ പുനഃക്രമീകരണം, ഗവേഷക വിദ്യാർത്ഥികൾക്ക് ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശം - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 5529/AD A 5/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 21.10.2021

---

*പരാമർശം:*-1. ഓൾ കേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ സെക്രട്ടറി ശ്രീ. എബിൻ എം. ദേവസ്യ സമർപ്പിച്ച പരാതി

2. സർവ്വകലാശാലാ കത്ത് നം.118417/ADA5-1/2021/ADA5, തീയതി 20.09.2021

3. ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ്ജിന്റെ 566 /എം.ജി.യു.എൽ./ ഭ.വി./ 2021 നമ്പർ കത്ത്, തീയതി 23.09.2021.

**ഉത്തരവ്**

സർവകലാശാലയിൽ പിഎച്ച്. ഡി. വിദ്യാർത്ഥികളുടെ കോഴ്സ് വർക്ക് ആരംഭിക്കുകയും, പഠന വകുപ്പുകൾ തുറന്നു പ്രവർത്തിക്കുവാൻ തുടങ്ങുകയും ചെയ്ത സാഹചര്യത്തിൽ ലൈബ്രറിയുടെ പ്രവർത്തന സമയം മുൻപുണ്ടായിരുന്ന രീതിയിൽ പുനഃക്രമീകരിക്കണമെന്നും, തീസിസ് സമർപ്പണത്തിനുള്ള പ്ളേജിയറിസം പരിശാധനയ്ക്കായി എത്തുന്ന ഗവേഷകരിൽ നിന്നും താൽക്കാലിക അംഗത്വ ഫീസ് ഈടാക്കുന്നത് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ഓൾ കേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ സെക്രട്ടറി ശ്രീ. എബിൻ എം. ദേവസ്യ സമർപ്പിച്ചിരുന്ന സൂചന (1) പരാതിയുടെ അടിസ്ഥാനത്തിൽ, ടി വിഷയത്തിൽ സർവ്വകലാശാലാ ലൈബ്രേറിയനോട് സൂചന (2) പ്രകാരം അഭിപ്രായം ആരായുകയുണ്ടായി.

പൊതു ഗതാഗതം പൂർണ്ണമായ തോതിൽ ആരംഭിക്കാത്ത സാഹചര്യത്തിൽ ലൈബ്രറിയിൽ ഷിഫ്റ്റ് സമ്പ്രദായം ഘട്ടം ഘട്ടമായി പുനഃസ്ഥാപിക്കുന്നതാണ് ഉചിതമെന്നും, ആദ്യ പടിയായി രാവിലെ 8 മണി മുതൽ 6 മണി വരെയും, തുടർന്ന് വൈകുന്നേരം 7 മണി വരെയും, അതിനു ശേഷം 8 മണി വരെയും സമയം ദീർഘിപ്പിക്കാവുന്നതാണെന്നും ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ്ജ് സൂചന (3) കത്തിൽ അറിയിക്കുകയുണ്ടായി.

പിഎച്ച്. ഡി. ഗവേഷക വിദ്യാർഥികൾക്ക് പ്രബന്ധ സംഗ്രഹം സമർപ്പിക്കുന്നതിനൊപ്പം ലൈബ്രറി അംഗത്വം റദ്ദ് ചെയ്ത് ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്ന നിബന്ധന യുള്ളതുകൊണ്ടും, ലൈബ്രറി പ്രവേശനത്തിന് അംഗത്വം നിർബന്ധമാണെന്ന് ലൈബ്രറി റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ളതിനാലുമാണ് അംഗത്വം റദ്ദ് ചെയ്ത ശേഷം പ്ലേജിയറിസം പരിശോധിക്കുന്നതിന് താൽക്കാലിക അംഗത്വ ഫീസ് ഈടാക്കേണ്ടതായി വരുന്നതെന്ന് ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ്ജ് അറിയിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, ചുവടെ പരാമർശിച്ചിരിക്കുന്നവ അംഗീകരിച്ച് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. സർവ്വകലാശാല ലൈബ്രറിയിൽ ഷിഫ്റ്റ് സമ്പ്രദായം ഘട്ടം ഘട്ടമായി പുനഃസ്ഥാപിക്കുവാനും, ആദ്യ പടിയായി രാവിലെ 8 മണി മുതൽ 6 മണി വരെയും, തുടർന്ന് വൈകുന്നേരം 7 മണി വരെയും,

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ശേഷം 8 മണി വരെയും സമയം ദീർഘിപ്പിക്കുന്നതാണ്.

2. ഈ ഉത്തരവ് തിയതി പ്രാബല്യത്തിൽ പിഎച്ച്. ഡി. ഗവേഷക വിദ്യാർത്ഥികൾ പ്രബന്ധ സമർപ്പണത്തോടൊപ്പം മാത്രം ലൈബ്രറിയിൽ നിന്നുള്ള ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാകുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിജു എം എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീ. എബിൻ എം. ദേവസ്യ, സെക്രട്ടറി, ഓൾ കേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ
2. യൂണിവേഴ്സിറ്റി ലൈബ്രേറിയൻ
3. വി.സി./ പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി. എ. മാർ
5. എ.ആർ. II (ഭ.വി)/ ഡി.ആർ. II (ഭ.വി)/ ജെ.ആർ. I (ഭ.വി)
6. എ.ആർ IV (അക്കാദമിക്)/ ഡി.ആർ I (അക്കാദമിക്)/ജെ.ആർ. II (ഭ.വി)
7. എ.ആർ. XXI (പരീക്ഷ)/ ജെ.ആർ. I (പരീക്ഷ)
8. എസി. എ.II / X / XI / XIII / ഇ.ബി. X / XIV
9. ഓഡിറ്റ് II/ III/ എഫ്.സി.സി./ ഐ.ക്യൂ.എ.സി./ ഫിനാൻസ് I/ സിറ്റാഡ്
10. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
11. റെക്കോർഡ്സ് വിഭാഗം/ ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 118417/AD A5-1/2021/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 21-Oct-2021 04:05 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം